പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3012 **29-10-2026-ൽ മറുപടിയ്ക്ക്**

തെന്നടി ഗവ. എൽ.പി.എസ്. നിർമ്മാണപ്രവൃത്തികളുടെ കുടിശ്ശിക തീർപ്പാക്കൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. റെജി ചെറിയാൻ	ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) കുട്ടനാട് തെന്നടി ഗവ. എൽ.പി.എസ്.-ൽ നടത്തിയ നിർമ്മാണ പ്രവൃത്തികൾക്കുള്ള തുക കരാറുകാരന് ലഭ്യമായിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഇല്ല

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര തുകയാണ് കരാറുകാരന് ഇനി ലഭിക്കാനുള്ളതെന്നും പ്രസ്തുത തുക ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നും തുക എന്നത്തേക്ക് ലഭ്യമാക്കുമെന്നും വ്യക്തമാക്കാമോ;

മറുപടി: തെന്നടി ഗവ. എൽ. പി. സ്കൂൾ കെട്ടിട നിർമ്മാണത്തിനായി മണ്ണ് പരിശോധനയുടെ ഒന്നാം പാർട്ട് ബിൽ തുകയായി 93,844/- രൂപയും, രണ്ടാം പാർട്ട് ബിൽ തുകയായി 19,736/- രൂപയും അനുവദിച്ചിട്ടുണ്ട്.

സിവിൽ വർക്കിന്റെ ഒന്നാം പാർട്ട് ബിൽ തുകയായി 27,15,024/- രൂപയും രണ്ടാം പാർട്ട് ബിൽ തുകയായി 16,63,261/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത കരാർ തുക ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിലാണ് ഉള്ളതെന്നും പ്രസ്തുത ഫയൽ നമ്പർ എത്രയാണെന്നും കരാറുകാരന് ലഭിക്കാനുള്ള ബാക്കി തുക അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

മറുപടി: തെന്നടി ഗവ. എൽ. പി. സ്കൂളിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ലഭ്യമായ എല്ലാ ബില്ലുകളുടെയും തുക അനുവദിച്ച് നൽകിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ W1/10312/2025 എന്ന ഫയലിലാണ് വിഷയം കൈകാര്യം ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ